**സ്വയംസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ**
**സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

**No.85/2024**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തുപട്ടക്കാർക്കും, പള്ളി കൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്വ്!

പ്രിയരെ,

നമ്മുടെ രാജ്യത്തിന്റെ ഭരണ നിർവ്വഹണം ഏറ്റവും ശക്തവും സുതാര്യവുമായി നടത്തപെടുന്നതിൽ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുടെ സേവനം ശ്രദ്ധേയമാണ്. ഭരണ നിർവ്വഹണ സമിതികളിൽ ക്രേന്ദ്ര/സംസ്ഥാന മേഖലയിൽ നിരവധി തൊഴിൽ സാധ്യതകൾ നിലവിൽ ഉണ്ട്. നീതിബോധമുള്ള സിവിൽ സെർവന്റ്സ് നമ്മുടെ ഇടയിൽ നിന്നും വളർന്നു വരണം എന്ന് നാം ആഗ്രഹിക്കുന്നു. നമ്മുടെ മുൻഗാമി ഭാഗ്യ സ്മരണാർഹനായ പരിശുദ്ധ ബസേലിയോസ് മാർത്തോമാ മാത്യൂസ് ദ്വിതീയൻ ബാവാതിരുമേനിയുടെ കാലത്ത് ശ്രീ. സി. കെ. കൊച്ചുകോശി ഐ.എ.എസിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം MGOCSM Student Centre ആസ്ഥാനമാക്കി സിവിൽ സർവീസ് പരിശീലന ക്രേന്ദം ആരംഭിച്ചു. ഓർത്തഡോക്സ് സഭ 1992-ൽ തുടക്കം കുറിച്ച ഈ അക്കാദമിയാണ് കേരളത്തിലെ ആദ്യ സിവിൽ സർവീസ് പരിശീലന ക്രേന്ദ്രം. 200-ൽ അധികം പ്രഗത്ഭരായ സിവിൽ സർവ്വന്റ്സിനെ രാജ്യത്തിന് സംഭാവന ചെയ്തതിൽ നമ്മുടെ അക്കാദമിയുടെ പങ്ക് നിസ്തുലമാണ്. കേരളത്തിലെ തന്നെ മികച്ച അക്കാദമിയായി നമ്മുടെ സ്ഥാപനം ഉയർന്നിട്ടുണ്ട്. ആധുനിക സൗകര്യങ്ങളുള്ള ക്ലാസ് റൂമുകൾ, AC/Wifi-യോടുകൂടിയ റീഡിംങ് റൂം, ഹോസ്റ്റൽ സൗകര്യം തുടങ്ങി ഉന്നത നിലവാരത്തോടെയുള്ള പഠന അന്തരീക്ഷം അക്കാദമിയിൽ സജ്ജീകരിച്ചിരിക്കുന്നു. ഡോ. സി. കെ. മാത്യു IAS ചീഫ് അഡ്വൈസർ ആയിട്ടുള്ള സീനിയർ സിവിൽ സെർവന്റ്സിന്റെ സേവനവും ലഭ്യമാണ്.

സഭയുടെ വിദ്യാർത്ഥി പ്രസ്ഥാനം പ്രസിഡന്റ് അഭി. ഡോ. എബ്രഹാം മാർ സെറാഫിം മെത്രാപ്പൊലീത്താ ചെയർമാനായും സഭയിലെ സീനിയർ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർ ഉൾപ്പടെയുള്ളവർ ഡയറക്ടർ ബോർഡ് അംഗങ്ങളായും ഉള്ള സമിതിയുടെ സേവനം അക്കാദമിയിൽ ലഭ്യമാണ്.

പ്രിയരെ, നമ്മുടെ വിദ്യാർത്ഥികളിൽ നിന്നും സമർത്ഥരായവർ സിവിൽ സർവ്വീസ് പരിശീലനം നേടി ആ മേഖലയിൽ കടന്നുവരണമെന്ന് നാം ആഗ്രഹിക്കുന്നു. സമർത്ഥരും സാമ്പത്തിക ബുദ്ധിമുട്ടുള്ളവരുമായ സഭാമക്കളെ സ്കോളർഷിപ്പ് നൽകി അവരെ IAS, IPS, IFS, IRS തുടങ്ങി UPSC വിഭാവനം ചെയ്യുന്ന ഉന്നതമായ തൊഴിൽ നേടുവാൻ സഹായിക്കുന്നു. ബഹു. വൈദീകർ പ്രത്യേകം താത്പര്യമെടുത്ത് ഇടവകയുടെയും ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളുടെയും സഹകരണത്തോടെ സമർത്ഥരായ വിദ്യാർത്ഥികളെ കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കുവാനും വേണ്ടുന്ന കൈത്താങ്ങലുകൾ നൽകുവാനും ശ്രമിക്കണം. ഇടവക തലത്തിൽ ഗവൺമെന്റ് തൊഴിൽ സാധ്യതകൾ വിശദീകരിക്കുന്ന മാർഗ്ഗനിർദ്ദേശ ക്ലാസുകൾ സംഘടിപ്പിക്കണം. സിവിൽ സർവ്വീസ് പരിശീലനം ആഗ്രഹിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് IAS HUB-ൽ 2024 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ അഡ്മിഷൻ നേടി പരിശീലനം ആരംഭിക്കാവുന്നതാണ്. Civil Service പരിശീലനവുമായി ബന്ധപ്പെട്ട് വേണ്ടുന്ന എല്ലാ സഹായങ്ങൾക്കും MGOCSM ജനറൽ സെക്രട്ടറി ഫാ. ഡോ. വിവേക് വർഗീസ് (8547783374), IAS HUB അഡ്മിനിസ്ട്രേറ്റർ ഫാ. സജി മേക്കാട്ട് (9496800217), മാനേജർ ഫാ. അഡ്വ. അൽവിൻ എബ്രഹാം സൈമൺ (7503821180) എന്നിവരെ ബന്ധപ്പെടാവുന്നതാണ്. കുടൂതൽ വിശദാംശങ്ങൾ www.iashubcivilserviceacademy.com എന്ന വെബ്സൈറ്റിൽ കൂടിയും ലഭ്യമാണ്.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

2024 മാർച്ച് മാസം 13-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്, അരമനയിൽനിന്നും.

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**